# പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XI
# (2016-2018)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2017 മേയ് 25-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XI
# (2016-2018)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

**2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

900/2017

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (2016-2018)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. അബ്ദുൽ ഹമീദ് പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് കുന്നപ്പിള്ളി

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച വിവരങ്ങളും സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2017 മേയ് 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2017 മേയ് 23.

# റിപ്പോർട്ട്

## ഭാഗം I

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

### ഖണ്ഡിക നമ്പർ 1

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

സഹകരണ വകുപ്പ് പുതിയതായി പണികഴിപ്പിച്ചിട്ടുള്ള സഹകരണ ആസ്ഥാന മന്ദിരത്തിൽ കംപ്യൂട്ടർവത്ക്കരണം, സോഫ്റ്റ്‌വെയറുകളുടെ വികസനം തുടങ്ങിയവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സഹകരണ വകുപ്പ് പുതിയതായി പണി കഴിപ്പിച്ചിട്ടുള്ള സഹകരണ ആസ്ഥാന മന്ദിരത്തിൽ കമ്പ്യൂട്ടർവൽക്കരണം, സോഫ്റ്റ്‌വെയറുകളുടെ വികസനം തുടങ്ങിയവയ്ക്ക് 2016-17-ലെ ബഡ്ജറ്റ് വിഹിതമായ ഒരു കോടി രൂപയ്ക്ക് പുറമേ സമിതി 75 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ, 30-3-2017-ലെ സ.ഉ. (സാധാ) 2961/17/ധന. നമ്പർ ഉത്തരവ് പ്രകാരം 1.508 കോടി രൂപ 2425-001-91 ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സഹ/എ 2/418/2016/സഹ. തീയതി 22-5-2017).

### ഖണ്ഡിക നമ്പർ 2

2425-00-003-89-31—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം—സഹായധനം—ശമ്പളം

സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവ ഉൾപ്പെടെ ഭരണ സംവിധാനത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനും, ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിനത്തിന്റെ 50% വഹിക്കുന്നതിനും കൂടുതൽ തുക ആവശ്യമുള്ളതിനാൽ 31 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത 31 ലക്ഷത്തിൽ 10 ലക്ഷം രൂപ 2016-17 വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 21.00 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അന്തിമ ഉപധനാഭ്യർത്ഥനയിലും ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ച് എങ്കിലും അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഐ.സി.എം. കണ്ണൂരിന് അർഹതപ്പെട്ട 21 ലക്ഷം രൂപ 2017-18 വർഷത്തെ വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017)

<u>ഖണ്ഡിക നമ്പർ 3</u>

2425-00-107-80—<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം</u>

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന ധനസഹായം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ധനസഹായം അനുവദിക്കുന്നതിന് 6 കോടി രൂപയും 2015-2016 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അനുവദിക്കാൻ ബാക്കി നിൽപുള്ള 226.27 ലക്ഷം രൂപയും ഉൾപ്പെടെ 826.27 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഇതിനു പുറമേ കാർഷിക ആവശ്യങ്ങൾക്ക് കൈപ്പറ്റിയ വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 4% പലിശ സബ്സിഡി അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി 70 കോടി രൂപകൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്കായി 2016-2017 സാമ്പത്തിക വർഷം 731,60,367 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുകയായ 94,66,633 രൂപ ലഭ്യമാക്കുന്നതിനുള്ള ധനപുനഃവിനിയോഗ നിർദ്ദേശം അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക ആവശ്യങ്ങൾക്ക് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കൈപ്പറ്റിയ വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 4% പലിശ സബ്സിഡി അനുവദിക്കുന്നതിന് 70 കോടി രൂപ 2016-2017 സാമ്പത്തിക വർഷത്തിൽ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കുള്ള ധനസഹായ പദ്ധതിയിൽ (2425-107-80 ശീർഷകത്തിൽ) ഉൾപ്പെടുത്തി അനുവദിക്കുന്നതിന് സബ്ജക്ട് കമ്മിറ്റി മുൻപാകെ ശിപാർശ ചെയ്യുകയുണ്ടായി.

ടി ശിപാർശ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുകയും ഇതു സംബന്ധിച്ച് 13-ാം പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പ് ചർച്ചകൾക്ക് വിധേയമാക്കുകയുമുണ്ടായി. 2017-2018-ലെ ബഡ്ജറ്റിൽ ടി തുക ഉൾപ്പെടുത്തി അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി പൈലറ്റ് അടിസ്ഥാനത്തിൽ ശീതകാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വട്ടവട, മൂന്നാർ, മറയൂർ, ദേവികുളത്തെ മറ്റ് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിപണന സഹായത്തിനുള്ള പലിശ സബ്സിഡിക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 4% സബ്സിഡി അനുവദിക്കുന്നതിന് ആവശ്യമായ തുക കണക്കാക്കി വിശദമായ ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017).

<u>ഖണ്ഡിക നമ്പർ 4</u>

2425-00-107-72-33—<u>സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശയിളവ് പദ്ധതി—സബ്സിഡികൾ</u>

2011-2012 സാമ്പത്തികവർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32.00 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും നിലവിലെ ബഡ്ജറ്റിൽ 7 കോടി രൂപ മാത്രമാണ് അനുവദിച്ചു നൽകിയത്. തുടർ പദ്ധതി ആയതിനാൽ ഈ തുക പര്യാപ്തമല്ല. ആയതിനാൽ ഈയിനത്തിൽ ആകെ 26.00 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് നബാർഡ് വഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിനുള്ള സർക്കാർ പദ്ധതി പ്രകാരം 26-5-2012-ലെ സ.ഉ. (സാധാ) നമ്പർ 315/2012/സഹ. ഉത്തരവനുസരിച്ച് സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും അതിൽ 30-3-2012-ലെ സ.ഉ. (സാധാ) നമ്പർ 237/2012/സഹ. നമ്പർ ഉത്തരവ് പ്രകാരം വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ കഴിച്ച് 31 കോടി രൂപ

അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉത്തേജന പലിശയിനത്തിൽ 2011-12 വർഷം മുതൽ 2016-17 വർഷം വരെ ആകെ 7 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ തുക അനുവദിക്കുന്ന വിഷയം ഈ വർഷം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ സഹ/എ 2/418/2016/സഹ, തീയതി 22-5-2017).

ഖണ്ഡിക നമ്പർ 5

2425-108-80-33—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം—സബ്സിഡികൾ

കൺസ്യൂമർ ഫെഡ് ഉത്സവച്ചന്തകളിൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയ ഇനത്തിൽ 150 കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 97 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കൺസ്യൂമർ ഫെഡിന് ഉത്സവ ചന്തകൾ നടത്തിയ വകയിൽ ലഭിക്കുവാനുള്ള തുകയിൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 53 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഓണം, ക്രിസ്മസ് വിപണികൾ കൺസ്യൂമർ ഫെഡ് നടത്തിയിരുന്നില്ല. റംസാൻ വിപണിക്കായി 18-6-2016-ലെ സ.ഉ. (സാധാ) നമ്പർ 351/16/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപ അനുവദിച്ചതിൽ 3 കോടി രൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 150 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സഹ/എ 2/418/2016/സഹ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 6

2425-00-108-51—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, മൊത്തവിലസ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി.) പദ്ധതി

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി.) പദ്ധതി

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി.) പദ്ധതി

ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എൻ.സി.ഡി.സി. ധനസഹായം

ലഭിച്ചതും, വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും 2016-17 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവില്ല. ആയതിനാൽ ഈ പദ്ധതിയിനത്തിൽ ആകെ 24.50 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതി പ്രകാരം ഓഹരിയിനത്തിൽ 4425-108-42 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 863,99,000 രൂപയും 27-4-2016-ലെ 3861/16/ധന. നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ച 9,50,000 രൂപയും ഉൾപ്പെടെ ആകെ 873,49,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വായ്പാ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 936,00,000 രൂപയും ഈ ഇനത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഹരിയിനത്തിൽ 858,22,000 രൂപയും വായ്പായിനത്തിൽ 11,21,39,000 രൂപയും കൊല്ലം ജില്ലാ സഹകരണ ആശുപത്രിക്ക് 2016-17 വർഷത്തെ ഒന്നാമത്തെയും അവസാനത്തെയും ഉപധനാഭ്യർത്ഥന വഴി അനുവദിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി കാരണം ആയത് നൽകിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 467/പി.എസ്2/2016/സഹ., തീയതി 22-5-2017)

<u>ഖണ്ഡിക നമ്പർ 7</u>

2425-00-108-47—<u>പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം—സഹായ ധനം—ശമ്പളം</u>

കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈയിനത്തിൽ കേപ്പിന് 29.639 കോടി രൂപ ബാക്കി നൽകാനുണ്ട്. പ്രസ്തുത തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന് പുറമെ 26.1304 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ കേപ്പിന് ലഭിക്കുവാനുള്ള 26.1304 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 8

2425-00-108-47-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

പത്തനാപുരത്തും വടകരയിലുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനും വടക്കാഞ്ചേരി, ആറന്മുള എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന വികസന ബ്ലോക്ക് നിർമ്മിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5.50 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2425-108-47-35 ശിർഷകത്തിൽ 5.50 കോടി രൂപ 2016-2017 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 9

2425-00-108-37—കർഷകസേവനകേന്ദ്രം

4425-00-108-32—കർഷകസേവനകേന്ദ്രം

സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ജൈവ പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായി 'സുവർണ്ണം ഷോപ്പുകൾ' ആരംഭിക്കുന്നതിന് 1 കോടി രൂപ ഓഹരി 1 കോടി രൂപ സബ്സിഡി 1:1 എന്ന അനുപാതത്തിൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനുപുറമേ 2425-00-108-37 എന്ന ശീർഷകത്തിൽ 1 കോടി രൂപയും 4425-00-108-32 എന്ന ശീർഷകത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സുവർണ്ണം ഷോപ്പുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 2016-2017 സാമ്പത്തിക വർഷം അധിക തുകയ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും ലഭിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ കോ. ഓപ്-സി3/78/2017-കോ.ഓപ് തീയതി 23-5-2017)

ഖണ്ഡിക നമ്പർ 10

2425-00-108-36—കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംങ്ങ് കോ- ഓപ്പറേറ്റീവ്സിനുള്ള ധനസഹായം

4425-00-108-30—അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് സഹായം

6425-00-108-09—അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് ലോൺ

കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായുള്ള ഈ പദ്ധതി പ്രകാരം വിപണന സഹകരണ സംഘങ്ങൾക്ക് മാത്രമാണ് നിലവിൽ ധനസഹായം അനുവദിച്ച് വരുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 2425-00-108-36 എന്ന ശീർഷകത്തിൽ 231 ലക്ഷവും 4425-00-108-30 എന്ന ശീർഷകത്തിൽ 330 ലക്ഷവും 6425-00-108-09 എന്ന ശീർഷകത്തിൽ 99 ലക്ഷവുമടക്കം 660.00 ലക്ഷം രൂപ നിലവിലുള്ള വിഹിതത്തിനു പുറമേ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 660.00 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള ശിപാർശ പരിഗണനയ്ക്കായി സമർപ്പിച്ചെങ്കിലും ആയത് ലഭിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ കോ.ഓപ്-സി3/78/2017-കോ.ഓപ് തീയതി 23-5-2017)

ഖണ്ഡിക നമ്പർ 11

4425-00-107-99(2)—അപ്പക്സ് ബാങ്കുകൾ, സെൻട്രൽ ബാങ്കുകൾ, നിക്ഷേപങ്ങൾ, കേന്ദ്രവിഹിതം100%.

4425-107-98-(02)—അപ്പക്സ് ബാങ്കുകൾ, സെൻട്രൽബാങ്കുകൾ, നിക്ഷേപങ്ങൾ, കേന്ദ്രവിഹിതം100%

4425-107-97(02)—അപ്പക്സ് ബാങ്കുകൾ, സെൻട്രൽ ബാങ്കുകൾ,നിക്ഷേപങ്ങൾ, കേന്ദ്രവിഹിതം

സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 4 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിന് 2014-2015-ൽ സർക്കാർ അനുമതി ലഭിച്ചുവെങ്കിലും തുക എസ്.ഡി.ജി മുഖേന വകയിരുത്താത്തതിനാൽ തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ സാമ്പത്തിക വർഷം 4 കോടി രൂപ

4225-00-107-99(02) എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ 4425-00-107-98(02) എന്ന ശീർഷകത്തിൽ 1,000 രൂപയും 4425-00-107-97(02) എന്ന ശീർഷകത്തിൽ 1,000 രൂപയും ടോക്കൺ പ്രൊവിഷനായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 2014-2015 വർഷം 4 കോടി രൂപ അനുവദിക്കുന്നതിന് [ജി.ഒ. (ആർ. റ്റി.) നമ്പർ 545/2015/സഹ. തീയതി (7-9-2015) ഭരണാനുമതി നൽകിയിരുന്നു. എസ്.ഡി.ജി. മുഖേന വകയിരുത്താത്തതിനാൽ ടി 4 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേന കണ്ടെത്തുന്നതിനും ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. റീ-അപ്രോപ്രിയേഷൻ മുഖേന 4 കോടി അനുവദിക്കുന്നതിനുള്ള സേവിംഗ്സ് 2015-2016 സാമ്പത്തിക വർഷത്തിൽ ഇല്ലാതിരുന്നതിനാൽ എസ്.ഡി.ജി. മുഖേന ടി തുക വകയിരുത്തുന്നതിനുള്ള അപേക്ഷ പരിഗണിക്കുകയുണ്ടായി. എന്നാൽ തുക ലഭിക്കാത്തതിനാൽ ബാങ്കിന് ധനസഹായം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ എൻ.ആർ.സി.എൽ.റ്റി.ഒ. ഫണ്ട് പദ്ധതിയിൽ സഹകരണ വകുപ്പിന് തുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017)

<u>ഖണ്ഡിക നമ്പർ 12</u>

4425-00-107-85—<u>ജില്ലാ സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള ഓഹരി മൂലധനവിതരണം</u>

4425-00-107-86—<u>സംസ്ഥാന സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള മൂലധന വിതരണം</u>

സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക നൽകുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ 199.50 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ 106.399 കോടി രൂപ മാത്രമാണ് സർക്കാർ പിൻവലിച്ച് നൽകിയിട്ടുള്ളതെന്നും ജില്ലാ സഹകരണ ബാങ്കിന്റെ വിഹിതമായി 23.101 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതമായി 70 കോടി രൂപയും അനുവദിക്കാൻ ബാക്കിയുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ ജില്ലാ സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 23.101 കോടി രൂപയും 6 ജില്ലാ സഹകരണ ബാങ്കുകൾക്ക് ധനസഹായം

അനുവദിക്കുന്നതിനായി 30 കോടി രൂപയും ഉൾപ്പെടെ ആകെ 53.101 കോടി രൂപ 4425-00-107-85 എന്ന ശീർഷകത്തിലും സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 70 കോടി രൂപ 4425-00-107-86 എന്ന ശീർഷകത്തിലും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2016-2017 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അന്തിമ ഉപധനാഭ്യർത്ഥനയിലും 4425-107-85 ശീർഷകത്തിൽ 23.1010 കോടി രൂപയും 4425-107-86 ശീർഷകത്തിൽ 70.00 കോടി രൂപയും വകയിരുത്തുന്നതിനുള്ള ശിപാർശ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അംഗീകാരം നൽകാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017).

ഖണ്ഡിക നമ്പർ 13

4425-00-108-71—പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

6425-108-74—സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 15.6573 കോടി രൂപ 4525-108-71 എന്ന ശീർഷകത്തിലും 14.4283 കോടി രൂപ 6425-108-74 എന്ന ശീർഷകത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷം പാലക്കാട് ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 4.04 കോടി രൂപയും വായ്പാ ഇനത്തിൽ 4.3224 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 15.6573 കോടി രൂപ 4425-108-71 ശീർഷകത്തിലും 14.4283 കോടി രൂപ 6425-108-74 ശീർഷകത്തിലും 2016-2017 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിലും അന്തിമ ഉപധനാഭ്യർത്ഥനയിലും ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 14

6425-00-108-10—നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ

സഹകരണ ആശുപത്രിക്ക് നബാർഡ് 2014-2015 വർഷം അനുവദിച്ച തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 9.62 കോടി രൂപ അപര്യാപ്തമായതിനാൽ 154.19 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശപ്രകാരം അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിരുന്നുവെങ്കിലും സാമ്പത്തിക പരിമിതി കാരണം ആയത് നൽകിയിട്ടില്ല

(സർക്കാർ കത്ത് നമ്പർ 467/പി.എസ്2/2016/സഹ. തീയതി 22-5-2017)

ഖണ്ഡിക നമ്പർ 15

മാർക്കറ്റ്ഫെഡിന് 35 കോടി രൂപ 2014-2015 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല ആയതിനാൽ 'കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ' എന്നതിനായി പ്രത്യേക ശീർഷകം അനുവദിച്ച് 35,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017-ൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ഈ വർഷം ആയത് പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ സഹ./എ 2/418/2016/സഹ. തീയതി 22-5-2017)

ഖണ്ഡിക നമ്പർ 16

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപം നൽകുന്നതിനുള്ള കമ്മിറ്റിക്ക് ധനസഹായം നൽകുന്നതിലേക്കായി 10.00 ലക്ഷം രൂപ

അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും തുക വകയിരുത്തിയിട്ടില്ല. ആയതിലേക്കായി 10.00 ലക്ഷം രൂപ "ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപം നൽകുന്നതിനുള്ള കമ്മിറ്റിക്ക് ധനസഹായം" എന്ന ഇനത്തിൽ പ്രത്യേകം ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളും സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി ബംഗളൂരു ഐ. ഐ. എം. പ്രൊഫസർ ശ്രീ. എം. എസ്. ശ്രീറാം ചെയർമാനായി 5 അംഗ വിദഗ്ദ്ധസമിതി 28-9-2016-ലെ സ.ഉ. (സാധാ.) 488/2016/സഹ. നമ്പർ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 2425-004-97-(നോൺ പ്ലാൻ) ശീർഷകം അനുവദിച്ച് 10.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയത് പിൻവലിച്ച് വിനിയോഗിച്ചിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷം ടി ഇനത്തിൽ ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ ബി3/147/2017/സഹ.വ., തീയതി 22-5-2017)

## ലീഗൽ മെട്രോളജി വകുപ്പ്

### ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

<u>ഖണ്ഡിക നമ്പർ 17</u>

3475-00-106-99-02—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക്സമ്പ്രദായം നടപ്പാക്കൽ—വേതനം</u>

നിലവിലെ ബഡ്ജറ്റ് വിഹിതം 2015-2016 വർഷത്തിനേക്കാൾ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാൽ ഈ വർഷം അനുവദിച്ചിട്ടുള്ള രൂപയ്ക്കു പുറമേ 20 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികമായി ചെലവഴിച്ച 34.4 ലക്ഷം രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് ഉത്തരവാകുന്നത് സംബന്ധിച്ച കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സർക്കാർ കത്ത് നമ്പർ 3/സി.എ 4/17/ഉ.കാ.വ., തീയതി 22-5-2017)

## ഖണ്ഡിക നമ്പർ 18

**3475-00-106-99-05 —അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ —ഓഫീസ് ചെലവുകൾ (3)—ടെലഫോൺ ചെലവ്**

ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമേ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 8.16 ലക്ഷം രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്ത് ലഭിച്ചു. എന്നാൽ പ്രതീക്ഷിച്ചതിനേക്കാൾ ടെലഫോൺ ബിൽ തുകകളിൽ കുറവ് വന്നതിനാൽ 1.20 ലക്ഷം രൂപ 31-3-2017-ൽ സറണ്ടർ ചെയ്തു.

(സർക്കാർ കത്ത് നമ്പർ 3/സി.എ 4/17/ഉ.കാ.വ., തീയതി 22-5-2017)

## ഖണ്ഡിക നമ്പർ 19

**3475-00-106-99-05—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം—മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ (4)—മറ്റിനങ്ങൾ**

11 ഓഫീസുകളിൽ പുതുതായി സജ്ജീകരിച്ച ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകേണ്ടതുണ്ട്. ഇതിനായി കൂടുതൽ തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 15 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷന് ധനകാര്യ വകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചു ലഭിച്ചിട്ടില്ല. അക്കാരണത്താൽ ടി ഇനത്തിലെ ചെലവുകൾ കർശനമായി നിയന്ത്രിച്ച് കുറയ്ക്കുകയുണ്ടായി. കൂടാതെ പല ചെലവുകളും അടുത്ത സാമ്പത്തിക വർഷത്തേക്ക് മാറ്റിവച്ചു.

(സർക്കാർ കത്ത് നമ്പർ 3/സി.എ 4/17/ഉ.കാ.വ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 20

3475-00-106-99-06—വാടക, കരം, നികുതി

കഴിഞ്ഞ വർഷം വാടക നിശ്ചയിച്ച് ലഭിച്ച ഓഫീസ് കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനും റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന ആഫീസുകളുടെ വാടക ഇനത്തിൽ ഹൗസിംഗ് ബോർഡിന് കൊടുത്തു തീർക്കാനുള്ള 5 ലക്ഷത്തോളം രൂപ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റീ-അപ്രോപ്രിയേഷൻ മുഖാന്തരം ധനകാര്യ വകുപ്പിൽ നിന്നും 11.97 ലക്ഷം രൂപ ലഭിച്ചു.

(സർക്കാർ കത്ത് നമ്പർ 3/സി.എ 4/17/ഉ.കാ.വ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 21

3475-00-106-99-45 —പി.ഓ.എൽ.

ലീഗൽ മെട്രോളജി വകുപ്പിലേക്ക് 24 വാഹനങ്ങൾ കൂടി വാങ്ങുന്നതിനാൽ ഇന്ധന ഇനത്തിൽ വരുന്ന അധിക ചെലവ് വഹിക്കുന്നതിനായി 5 ലക്ഷം രൂപ കൂടി ബഡ്ജറ്റ് വിഹിതത്തിന് പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അഡീഷണൽ ഓതറൈസേഷന് ധനകാര്യ വകുപ്പിനെ സമീപിച്ചിരുന്നുവെങ്കിലും ആയത് അനുവദിച്ചു ലഭിച്ചില്ല

(സർക്കാർ കത്ത് നമ്പർ3/സി.എ 4/17/ഉ.കാ.വ., തീയതി 22-5-2017)

ഖണ്ഡിക നമ്പർ 22

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

കഴിഞ്ഞ സാമ്പത്തിക വർഷം e-lams-ൽ പോസ്റ്റ് ചെയ്ത തുക ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പർച്ചേസ് ഓഫ് എക്യുപ്മെന്റ് എന്ന കമ്പോണന്റ് പൂർത്തിയാക്കാൻ 10.46 ലക്ഷം രൂപ അധികം ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിന് പുറമെ 10.46 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-2017-ലെ ബഡ്ജറ്റ് വിഹിതമായ 518 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ, 10.46 ലക്ഷം രൂപ ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 3/സി.എ 4/17/ഉ.കാ.വ., തീയതി 22-5-2017)

**ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം**

<u>ഖണ്ഡിക നമ്പർ 24</u>

2408-01-101-95-34—<u>അന്ത്യോദയ-അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും—മറ്റ് ചെലവുകൾ</u>

അന്ത്യോദയ-അന്നയോജന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തു കൂലി, കൈകാര്യച്ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 23-1-2016-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 60 രൂപയും റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 1-1-2015-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 100 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ആകെ 36.7048 കോടി രൂപ കമ്മീഷൻ ഇനത്തിൽ മാത്രം നൽകേണ്ടതുണ്ട്. ഇതിനു പുറമെ 16.1868 കോടി രൂപ മുൻ വർഷത്തെ കുടിശ്ശികയിനത്തിലും നൽകേണ്ടതുണ്ട്. ഈ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 13.20 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ഇനത്തിൽ 39.6916 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2016-2017 സാമ്പത്തികവർഷം പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 13.20 കോടി രൂപയാണ്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 39.6916 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചുവെങ്കിലും പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപയാണ് ഒന്നാംവട്ടം ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിച്ചുകിട്ടിയിട്ടുള്ളത്.

(സർക്കാർ കത്ത് നമ്പർ 917314/ഡി1/2016/ഭ.പൊ.വി.വ., തീയതി 8-12-2016)

ഖണ്ഡിക നമ്പർ 25

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്—സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പന ശാലകൾവഴി വിതരണം ചെയ്തുവരുന്നു. അവശ്യസാധനങ്ങൾക്ക് പുറമേ മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങളും ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യുന്നു. സപ്ലൈകോ നടത്തിവരുന്ന ഇത്തരം മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സപ്ലൈകോയുടെ വില്പനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രകാരം ഈ സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് 356.40 കോടി രൂപയോളം ആവശ്യമായി വരും. കൂടാതെ സംസ്ഥാനത്തെ റേഷൻ കടകൾ വഴി റേഷൻ പഞ്ചസാര മൊത്ത വിതരണം നടത്തുന്നതിന് സർക്കാരിന്റെ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് ആയതിനായി കേന്ദ്ര സബ്സിഡിയിനത്തിലും റേഷൻ വ്യാപാരികളിൽ നിന്നും ലഭിക്കുന്ന തുകയും കഴിച്ച് അധികമായി വരുന്ന സാമ്പത്തിക ബാധ്യത, ഓണക്കാലത്ത് വിതരണം നടത്തേണ്ട സ്പെഷ്യൽ പഞ്ചസാരയുടെ അധിക സാമ്പത്തിക ബാധ്യത എന്നിവയ്ക്കായി 45 കോടി രൂപയും ആവശ്യമായി വരും. ഇപ്രകാരം ആകെ 401.40 കോടി രൂപ ലഭിച്ചാൽ മാത്രമേ വിപണിയിടപെടൽ വിജയകരമാക്കാൻ സാധിക്കുകയുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 251.4 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2016-2017 സാമ്പത്തിക വർഷത്തിൽ 2016 നവംബർ വരെ സബ്സിഡി നിരക്കിൽ 13 അവശ്യസാധനങ്ങൾ വിതരണം ചെയ്തതിൽ 282.64 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഓണക്കിറ്റ് വിതരണത്തിന് 17.72 കോടി രൂപയും എല്ലാ റേഷൻ കാർഡ് ഉടമകൾക്കും പഞ്ചസാര വിതരണം ചെയ്തതിൽ 6.61 കോടി രൂപയും ചെലവായിട്ടുണ്ട്.

2016-2017 സാമ്പത്തികവർഷത്തിൽ വിപണിയിടപെടൽ പദ്ധതിക്കായി 150 കോടി രൂപ അനുവദിച്ചിരുന്നു. അഞ്ചുവർഷത്തേക്ക് വില കൂട്ടുന്നതല്ല എന്നുള്ള പ്രഖ്യാപിതനയം വിജയകരമായി തുടരാൻ സപ്ലൈകോയ്ക്ക് ബഡ്ജറ്റ് വിഹിതത്തിന് പുറമേ മാർക്കറ്റ് ഇടപെടലിനായി മാത്രം 290 കോടി രൂപകൂടി അധികം ആവശ്യമായിവന്നു.

കൂടാതെ സംസ്ഥാനത്തെ റേഷൻ കടകൾ വഴി റേഷൻ പഞ്ചസാര വിതരണം നടത്തുന്ന ഇനത്തിൽ കേന്ദ്ര സബ്സിഡി ഇനത്തിലും (Rs. 1850/Qtl), റേഷൻ വ്യാപാരികളിൽ നിന്നും ലഭിക്കുന്ന തുകയും (Rs.1334.50/Qtl), കിഴിച്ച് അധികമായി വരുന്ന സാമ്പത്തിക ബാദ്ധ്യത ഓണക്കാലത്ത് വിതരണം നടത്തേണ്ട സ്പെഷ്യൽ പഞ്ചസാരയുടെ ബാദ്ധ്യത, ഇറക്കുകൂലി ഉൾപ്പെടെയുള്ള തുകയുടെ 10% ഓവർഹെഡ് എക്സ്പെൻസ് എന്നീ ഇനങ്ങളിലായി 58.10 കോടി രൂപ കൂടി ആവശ്യമായി വന്നു.

മേൽ പ്രകാരം പൊതുവിപണിയിടപെടലിനും പി.ഡി.എസ്. പഞ്ചസാരയ്ക്കുമായി 2408-01-102-99-33 ശീർഷകത്തിൽ ആകെ 348.10 കോടി രൂപ അധികമായി ആവശ്യം വന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

<u>ഖണ്ഡിക നമ്പർ 26</u>

2408-01-800-85 —<u>കൺസ്യൂമർ ഹെൽപ്പ് ലൈൻ (100% കേന്ദ്ര വിഹിതം).</u>

" സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ" പദ്ധതിയുടെ രണ്ടാം ഘട്ട ധനസഹായമായി കേന്ദ്രസർക്കാർ അനുവദിച്ച 18,60,854 രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിന് "ന്യൂ സർവ്വീസ്" നടപടിക്രമം പാലിക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തെ ആദ്യ ബഡ്ജറ്റിൻമേലുള്ള ഭേദഗതി പത്രിക പ്രകാരം 1000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ 18,59,854 രൂപ ലഭ്യമായെങ്കിൽ മാത്രമേ 'കൺസ്യൂമർ ഹെൽപ്പ് ലൈൻ' പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. ആയതിനാൽ ഈ ഇനത്തിൽ 18.60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2408-01-800-85—കൺസ്യൂമർ ഹെൽപ്പ് ലൈൻ (100% കേന്ദ്ര വിഹിതം) (പ്ലാൻ) എന്ന ശീർഷകത്തിലെ 2016-2017 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 1,000 രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ 18.60 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി.എ 2/261/2016/ഉ.കാ.വ., തീയതി 20-5-2017)

ഖണ്ഡിക നമ്പർ 28

3456-00-001-81 —വില നിരീക്ഷണ സെല്ലുകൾ 100% സി.എസ്.എസ്.

വില നിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ഹാർഡ്‌വെയർ/ സോഫ്റ്റ്‌വെയർ എന്നീ ചെലവുകൾക്കായി 2015-2016 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അനുവദിച്ച 10.80 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 84,000 രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ബാക്കി തുകയായ 9.96 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി. ഈ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം സറണ്ടർ ചെയ്ത 9.96 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വില നിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് കേന്ദ്രം 2015-2016 സാമ്പത്തിക വർഷം അനുവദിച്ച 10.80 ലക്ഷം രൂപയിൽ നിന്നും പ്രസ്തുത സാമ്പത്തിക വർഷം ചെലവഴിച്ച 84,000 രൂപ കിഴിച്ച് സർക്കാരിലേക്ക് സറണ്ടർ ചെയ്ത 9.96 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി ഉപധനാഭ്യർത്ഥനകളിൽ വകയിരുത്തുവാൻ കഴിഞ്ഞില്ല. എന്നാൽ പ്രസ്തുത തുക ധനകാര്യ വകുപ്പിന്റെ 2-2-2017-ലെ സ.ഉ. (സാധാ.) നമ്പർ 835/2017/ധന. പ്രകാരം 3456-001-81 എന്ന ശീർഷകത്തിലേക്ക് അഡീഷണൽ ഓതറൈസേഷൻവഴി വകയിരുത്തി ഉത്തരവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 948155/ഡി3/2016/ഭ.പൊ.വി.വ., തീയതി 28-3-2017).

ഖണ്ഡിക നമ്പർ 30

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്തൃ സംരക്ഷണ സമിതി/സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ "1992-ലെ ഉപഭോക്തൃക്ഷേമ നിയമം" അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് കേന്ദ്ര തലത്തിൽ രൂപീകരിച്ച ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാന തലത്തിലും ക്ഷേമനിധി രൂപീകരിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. 2010-2011 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ കൺസ്യൂമർ വെൽഫെയർ ഫണ്ട് നിധിയിലേക്ക് അനുവദിച്ച 2.5 കോടി രൂപയും 2011-2012 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ നൽകിയ

ധനസഹായമായ 7.5 കോടി രൂപയും ഉൾപ്പെടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ച 10 കോടി രൂപ സ്ഥിര നിക്ഷേപത്തിൽ നിന്നും പ്രതിവർഷം 85 ലക്ഷം രൂപ പലിശയിനത്തിൽ ലഭിക്കും. പ്രസ്തുത തുക ഈ ശീർഷകത്തിൽ വകയിരുത്തി ലഭിച്ചാൽ മാത്രമേ നടപ്പ് സാമ്പത്തിക വർഷത്തെ ഉപഭോക്തൃക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 70 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

3456-00-104-99-കേരള ഉപഭോക്തൃക്ഷേമനിധി (നോൺപ്ലാൻ) എന്ന ശീർഷകത്തിലെ 2016-2017 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതം 15 ലക്ഷം രൂപയാണ്. പ്രസ്തുത ശീർഷകത്തിൽ 70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന ബഹു. നിയമസഭാസമിതിയുടെ ശിപാർശ 2016-2017 സാമ്പത്തിക വർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിലും, അവസാനവട്ട ധനാഭ്യർത്ഥനയിലും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ച് കിട്ടിയില്ല. എന്നാൽ 2016-2017 സാമ്പത്തിക വർഷാവസാനം 50,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ വളരെ കുറച്ചുതുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

(സർക്കാർ കത്ത് നമ്പർ സി.എ 2/261/2016/ഉ.കാ.വ., തീയതി 20-5-2017)

## ഭാഗം II

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്ത ശിപാർശകളുടെ വിവരം താഴെ ചേർക്കുന്നു:

### ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

ശിപാർശ നമ്പർ—23, 27, 29, 31

സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം)മായി ബന്ധപ്പെട്ട 16 ശിപാർശകളും, ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ)മായി ബന്ധപ്പെട്ട 6 ശിപാർശകളും, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ

വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം)മായി ബന്ധപ്പെട്ട 9 ശിപാർശകളും ഉൾപ്പെടെ ആകെ 31 ശിപാർശകളാണ് ഉണ്ടായിരുന്നത്. ഇതിൽ ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം)എന്നത് സംബന്ധിച്ച 23, 27, 29, 31 എന്നീ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഇനിയും ലഭിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം ഓരോ സാമ്പത്തിക വർഷത്തേക്കുമുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ശിപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്ട് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻമാർ ആ സാമ്പത്തിക വർഷം കഴിഞ്ഞ ഉടനെയോ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് നൽകാതിരിക്കുന്നപക്ഷം ആയതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനുള്ളിലോ അടുത്ത നിയമസഭാ സമ്മേളനത്തിന്റെ ആരംഭത്തിലോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ആയതിനാൽ 2016-2017 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ യഥാസമയം നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിന്റെ കാരണം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് ചട്ടം 236 (5) പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,
2017 മേയ് 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.